ക്ലാസ്സ് : 10

മാർക്ക് : 40

സമയം : ഒന്നരമണിക്കൂർ

## മാതൃകാ ചോദ്യങ്ങൾ

## അടിസ്ഥാനപാഠാവലി

---

### പാർട്ട് I

A ഒന്നു മുതൽ ആറുവരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരം എഴുതുക.

1. ഒരു നിശ്ചയം ചെയ്താൽ അതിൽനിന്നു അണുവിട പിന്മാറാതെ പ്രകൃതക്കാരൻ എന്ന് വിശേഷിപ്പിക്കുന്ന കഥാപാത്രം?

എ) കോരൻ ബി) പുഷ്പവേലിൽ ഔസേപ്പ്

സി ) ചിരുത ഡി) കോരൻറെ പിതാവ്

2. ''ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു'' - ഈ വാക്യത്തിലെ സൂചന?

എ) ദുഃഖം ബി) നിശബ്ദത

സി) ഒറ്റപ്പെടൽ ഡി) നിസ്സംഗത

3. മഞ്ഞിപ്പഴകിയ പിഞ്ഞാണവർണ്ണമായ് എന്ന് കവിതയിൽ പറയുന്നത്?

എ) അമ്മയുടെ ശരീരം ബി) അമ്മയുടെ കൈകൾ

സി) അമ്മയുടെ മുഖം ഡി) അമ്മയുടെ കണ്ണുകൾ

4. 'ശ്രേഷ്ഠമായ സുഗന്ധമുള്ളവൾ' എന്ന അർത്ഥത്തിൽ കൊച്ചുചക്കരച്ചി എന്ന പാഠഭാഗത്തിൽ പ്രയോഗിച്ചിരിക്കുന്ന പദം.

എ) ഘനസുഗന്ധി ബി) ഘനസൗരഭം

സി) ഘനശ്യാമം ഡി) ഘനശ്യാമളം

5. മഹാബലിയെ വരവേൽക്കാൻ വെള്ളിത്താലമെടുത്ത് നിരന്നുനിൽക്കുന്നതാര് ?

എ) പ്രഭാതം ബി) മുക്കുറ്റികൾ

സി) നെയ്യാമ്പലുകൾ ഡി) തുമ്പകൾ

6. 'ഉണ്ടചോറിനു നന്ദി കാണിക്കാത്തവൻ' എന്ന ചൊല്ലിനിണങ്ങുന്ന കഥാപാത്രം?

എ) മത്തായി ബി) മാർക്കോസ്

സി) ചെമ്പുമത്തായി ഡി) ഏലിച്ചേടത്തി

(4 x 1 = 4)

B. 7 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം

7. ആധുനികകാലത്തെ ധർമസ്ഥാപനത്തിനുള്ള മുഖ്യമാർഗമായി ശ്രീനാരായണഗുരു കണ്ടത്?

എ)വിദ്യാലയങ്ങൾ സ്ഥാപിക്കൽ

ബി) അധഃകൃത വർഗോദ്ധാരണം

സി) വിഗ്രഹാരാധന

ഡി) വ്യവസായശാലകൾ തുടങ്ങുക

8. 'ചിന്മുദ്ര' എന്നു കവി വിശേഷിപ്പിച്ചിരിക്കുന്നത്?

എ)അമ്മയുടെ സ്നേഹത്തെ

ബി ) അമ്മയുടെ വീടിനെ

സി) അമ്മയുടെ എഴുത്തിനെ

ഡി) അമ്മയുടെ ഓർമകളെ

9. "എന്റെ കണക്കൊക്കെ തെറ്റിലോ മത്തായി മൂപ്പരെ " ഈ വരിയിലെ സൂചന ?

എ) റേഡിയോ പണയം വച്ചത്

ബി) മകന്റെ മരണം

സി) ജീവിത ദാരിദ്ര്യം

ഡി) ജോലിയിൽ താല്പര്യമില്ലായ്മ

(3 x 1 =3)

പാർട്ട് II

A.

10. "എങ്ങിനി കൊണ്ടിരിക്കേണ്ടു സ്വയം ബുദ്ധി
കെട്ടു കരിന്തിരിയാളുംവരെയവർ
ഒന്നിനെ കൊണ്ടു പോയീടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ"
അടിവരയിട്ട പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

(1 x 2 = 2)

B. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുത്തരമെഴുതുക.

11. കണ്ണാടി പ്രതിഷ്ഠകൊണ്ട് ശ്രീനാരായണഗുരു അർത്ഥമാക്കിയതെന്ത്?

12. "എന്ത് നവീനം! കുലീനം! പ്രിയേ നിന്റെ സുന്ദരദൃഷ്ടി" - ഈ വരിയിലെ 'നവീനം', 'കുലീനം ' എന്നീ പ്രയോഗത്തിന്റെ പൊരുളെന്ത്?

(1 x 2 = 2 )

## പാർട്ട് III

A. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ മൂന്നെണ്ണത്തിനുത്തരമെഴുതുക.

13. "നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ്?"
"ഇല്ലച്ഛമ്മേ ഒന്നും കേൾക്കില്ല, ടീവീന്റെ ഒച്ച മാത്രേ കേൾക്കാൻ പറ്റൂ."
മാറുന്ന കേരളീയ സമൂഹത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ തെളിയുന്നത്?

14. "ഇന്ന് മാങ്ങാമരം കാണാത്ത കുട്ടികൾ കേരളത്തിലുണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃതമട്ടുകൾ' അവർ അറിയാനിടയില്ല." അപരിഷ്കൃതമാറ്റുകൾ എന്ന ലേഖകൻ സൂചിപ്പിക്കുന്നതെന്ത്?

15. ഓണമുറ്റത്ത് എന്ന കവിതയിൽ കവി പ്രഭാതത്തെ അവതരിപ്പിക്കുന്നതെങ്ങനെ?

16. കോഴിയും കിഴവിയും എന്ന കഥയിൽ പൂവൻകോഴി അഴിച്ചുവിട്ട വിപ്ലവമെന്തായിരുന്നു?

(3 x 3 = 9)

B.

17 ചെമ്പുമത്തായിയുടെ അടുക്കൽ റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ചിന്തകളെന്തൊക്കെയായിരുന്നു?

(1 x 3 = 3)

## പാർട്ട് IV

A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.

18. വാക്കുകളേക്കാൾ പ്രവർത്തികളാണ് ഒരാളുടെ മഹത്ത്വം നിർണയിക്കുന്നത്. ഈ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്ലാവിലക്കഞ്ഞിയിലെ 'ചിരുത' എന്ന കഥാപാത്രത്തെ വിലയിരുത്തുക.

19. 'അമ്മവയറ്റത്ത് പറ്റിക്കിടക്കുന്ന ചൂട് , കാച്ചെണ്ണയുടെ ഗന്ധം, പുലർകാലത്തെ തണുപ്പാർന്ന ഓലക്കൊടികൾ പുകയുന്നതിന്റെ മണം ഇത്തരം ഓർമകളാണ് അമ്മയെ ഉപേക്ഷിക്കുന്നതിൽ നിന്നും മകനെ പിന്തിരിപ്പിക്കുന്നത്. - ഈ പ്രസ്താവനയോടുള്ള പ്രതികരണം കുറിക്കുക.

20. 'പാലുകൊടുത്ത കൈയിൽ കടിക്കുക' - ഈ പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധപ്പെടുത്തി 'കോഴിയും കിഴവിയും' എന്ന കഥ വ്യാഖാനിക്കുക.

(2 x 4 = 8)

B. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക

21. പത്രമില്ലാതെയുള്ള ഭരണത്തെക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്.
- ജഫേഴ്സന്റെ ഈ അഭിപ്രായത്തിന്റെ അർത്ഥവ്യാപ്തി കുറിക്കുക.

22. പുതുതലമുറയ്ക്ക് പാരമ്പര്യങ്ങൾ നഷ്ടമാകുന്നുവെന്ന ഓർമ്മപ്പെടുത്തലാണ് 'അമ്മയുടെ എഴുത്തുകൾ' എന്ന കവിത. ഈ നിരീക്ഷണം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

(1 x 4 = 4)

പാർട്ട് **V**

A. 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.

23. "പ്രകൃതിയും മനുഷ്യനും പരസ്പരം വിശ്വസിച്ച് കഴിഞ്ഞിരുന്ന ഒരു കാലത്തിന്റെ ഓർമ്മയാണ് കൊച്ചുചക്കരച്ചി" ഈ പ്രസ്താവനയോടുള്ള പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

24. "ഓണത്തെ സ്വീകരിക്കാൻ മനുഷ്യരേക്കാൾ ഒരുങ്ങിനിൽക്കുന്നത് പ്രകൃതിയാണ്." - ഓണമുറ്റത്ത് എന്ന കവിതയെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

(1 x 5= 5)